**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1996** **12-09-2023 - ൽ മറുപടിയ്ക്ക്**

**ക്യാമറകൾ പ്രവർത്തനക്ഷമമാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും എത്ര സ്പീഡ് ക്യാമറകളുമാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കോട്ടയം ജില്ലയിൽ മോട്ടോർ വാഹന വകുപ്പിന് കീഴിൽ 44 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവയിൽ എത്ര ക്യാമറകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രവർത്തനരഹിതമായവ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ; | (ബി) | ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളിൽ 43 എണ്ണം പ്രവർത്തനക്ഷമമാണ്. ബാക്കിയുള്ള ഒരു ക്യാമറ പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത ക്യാമറകൾ മുഖേന നാളിതുവരെ എത്ര നിയമലംഘനങ്ങൾ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര തുക പിഴയായി ഈടാക്കിയെന്നും വ്യക്തമാക്കുമോ? | (സി) | പ്രസ്തുത ക്യാമറകൾ വഴി 50522 നിയമലംഘനങ്ങൾക്ക് ചലാൻ തയ്യാറാക്കുകയും 50,62,000 രൂപ പിഴയായി ഈടാക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ